പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3414** **21.12.2012 ൽ മറുപടി നല്കേണ്ടിയിരുന്നത്**

**വരൾച്ചയെക്കുറിച്ച് പഠിക്കാൻ കേന്ദ്രസംഘങ്ങൾ നടത്തിയ സന്ദർശനം**

| **ചോദ്യം**<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | **മറുപടി**<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് വരൾച്ച മൂലം നെല്ല്, പച്ചക്കറികൾ, കുരുമുളക്, കൊക്കൊ ഉൾപ്പെടെയുള്ളവയുടെ ഉത്പാദനത്തിൽ വൻതോതിൽ കുറവുണ്ടാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ഉണ്ട്.<br>ഞാറ്റടിയിലെ ജലദൗർലഭ്യം ഞാറ് പറിച്ച് നടുന്നതിന് കാലതാമസം വരുത്തുന്നു. നെല്ലിന് കതിര് വരുമ്പോൾ ജലദൗർലഭ്യം അനുഭവപ്പെട്ടാൽ വിളവിനെ സാരമായി ബാധിക്കുന്നുണ്ട്. നെല്ലിന് കളശല്യം കൂട്ടുന്നു. വരൾച്ച, പച്ചക്കറികൾ, കുരുമുളക് ഇടങ്ങിയ വിളകളേയും സാരമായി ബാധിക്കുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വരൾച്ച യെക്കുറിച്ച് പഠിക്കാൻ കേന്ദ്രസംഘ ങ്ങൾ എത്രവണ എവിടെയൊക്കെ സന്ദർശനം നടത്തിയെന്ന് വെളിപ്പെടുത്താമോ;<br><br>(സി) കാർഷിക കേന്ദ്രങ്ങളിൽ സന്ദർശനം നടത്തി കർഷകരിൽ നിന്നും കേന്ദ്ര സംഘം പരാതികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (ബി) & (സി) | വരൾച്ചയെ കുറിച്ച് പഠിക്കുവാൻ 9 അംഗ കേന്ദ്രസംഘം 16.10.12 മുതൽ 18.10.12 വരെ സംസ്ഥാനം സന്ദർശിക്കുകയുണ്ടായി. സംഘം 16.10.12 ന് എറണാകുളം, 17.10.12 ന് കോഴിക്കോട്, വയനാട്, ഇടുക്കി, 18.10.12 ന് കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകൾ സന്ദർശിക്കുകയും വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, മറയൂർ, തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത്, നാവായിക്കുളം, നഗരൂർ എന്നീ സ്ഥലങ്ങളിൽ കർഷകരുമായി സംസാരിക്കുകയും തെളിവെടുക്കുകയും ചെയ്തു. കേന്ദ്രസംഘത്തിന്റെ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വരൾച്ചാ ബാധിത മേഖലകൾക്ക് ആവശ്യമായ സഹായത്തിനായി കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) കാർഷിക മേഖലയിൽ ദീർഘകാലാടി സ്ഥാനത്തിൽ ഉണ്ടാകാവുന്ന വൻനഷ്ടം കേന്ദ്രസംഘത്തെ ബോധ്യപ്പെടുത്താൻ സർക്കാരിന് കഴിഞ്ഞില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;<br><br>(ഇ) കേന്ദ്രസംഘത്തിന്റെ സന്ദർശനം പ്രതിനിധികളെ അറിയിച്ചില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | (ഡി) & (ഇ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ